LIBRARY ARCHIVES Kerala Legislative Assembly

അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട ശബരി റെയിൽപ്പാത

61 (2299) ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട ശബരി റെയിൽപ്പാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ;

(ബി) പ്രസ്തുത മേൽപ്പാലങ്ങളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ ലെവൽ ക്രോസ്സുകളിൽ നടപ്പിലാക്കുന്നതിനായി റെയിൽവേ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്നു അറിയിക്കുമോ ;

(ഡി) എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ ?

ഉത്തരം

(എ) രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. അങ്കമാലി-എയർപോർട്ട് (നായത്തോട്) റോഡ്, മനയ്ക്കപ്പടി എയർപോർട്ട് റോഡ് എന്നിവിടങ്ങളിലാണ് മേൽപ്പാലങ്ങൾ പണിയാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) മനയ്ക്കപ്പടി എയർപോർട്ട് ആർ.ഒ.ബി :

മേൽപ്പാലത്തിന്റെ റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗത്തിന്റെ (ആർ. സി.സി.ബോക്സ്) പണി പൂർത്തീകരിച്ചു. അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കാനുണ്ട്.

നായത്തോട് ആർ.ഒ.ബി :

റെയിൽവേ ലൈനിന് മുകളിലുള്ള മേൽപ്പാലത്തിന്റെ നിർമ്മിതിക്കായുള്ള (ആർ.സി.സി. ബോക്സ്) ജോലിക്ക് കരാറായിട്ടുണ്ട്. പാലം നിർമ്മാണം ആരംഭിച്ചിട്ടില്ല. അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(സി) അങ്കമാലി നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 2 ലെവൽ ക്രോസിംഗുകൾക്ക് പകരമായി താഴെപ്പറയുന്ന നിർമ്മിതിക്ക് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്.

1. ചാലക്കുടി കറുകുറ്റി സ്റ്റേഷനുകൾക്കിടയിൽ വരുന്ന ലെവൽ ക്രോസിംഗ് നം. 50-ന് രണ്ടുവരി മേൽപ്പാത നിർമ്മാണം
2. അങ്കമാലി യാർഡിലെവൽ ക്രോസിംഗ് നമ്പർ 61-ന് അടിപ്പാത നിർമ്മാണം.

(ഡി) മേൽ നിർമ്മിതികൾക്കുള്ള സ്കെച്ചുകൾ അംഗീകരിക്കപ്പെട്ടു. അനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു.